പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4391 — 27/06/2013 ൽ മറുപടിയ്ക്ക്

# വസ്തു പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ താലൂക്കിൽ ചെറിയനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ -12 ൽ സർവ്വേ നമ്പർ 287/6 -ൽ പ്പെട്ട 2.00 ആർസ് വസ്തു പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി ടി വില്ലേജിൽ ചെറിയനാട് പടിഞ്ഞാറ് അത്തിമൺ-ചേരിമുറിയിൽ തേനാലി വടക്കേതിൽ വീട്ടിൽ ചാത്ത മകൾ കുഞ്ഞമ്മ 19.12.2000 - ത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നമ്പർ 8750/2000-0 1 തീയതി 19.12.2000 തഹസീൽദാർ ചെങ്ങന്നൂർ) നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) ശ്രീമതി. കുഞ്ഞമ്മ സമർപ്പിച്ച അപേക്ഷയിന്മേൽ ചെറിയനാട് വില്ലേജ് ഓഫീസർ, താലൂക്ക് സർവ്വേയർ എന്നിവർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ ടി വസ്തു ടി വില്ലേജിൽ കൊയ്പ്പള്ളിൽ പടീറ്റതിൽ ചിന്നമ്മ മകൾ ചെല്ലമ്മ പേരിൽ തെറ്റായി പോക്കുവരവു ചെയ്തിട്ടുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തെറ്റായി ചെയ്ത പോക്കുവരവ് റദ്ദു ചെയ്യുന്ന നടപടികൾ ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസർ സ്വീകരിച്ചു വരുന്നു. |
| (ബി) വസ്തു ഇപ്പോൾ ആരുടെ കൈവശത്തിലാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) റീസർവ്വേ നമ്പർ 287/6 -ൽ പ്പെട്ട 2.00 ആർസ് വസ്തുവിൽ 93 ച.മീ. വസ്തു ചെറിയനാട് വില്ലേജിൽ തേനാലിൽ വടക്കേതിൽ ശ്രീമതി. ശ്രീജാകുമാരിയുടെയും 1.07 ആർ സ്ഥലം ടി വില്ലേജിൽ അത്തിമൺ ചേരി മുറിയിൽ തേനാലിൽ വീട്ടിൽ അമ്മിണിയുടെയും കൈവശത്തിലുള്ളതാണ് |
| (സി) വസ്തുവിന്റെ പോക്കുവരവുമായി ബന്ധപ്പെട്ട് വിശദാംശം നൽകുമോ; | (സി) റീസർവ്വേ നമ്പർ 287/6 ൽ പ്പെട്ട 2.00 ആർ പുരയിടം 4.12.95-ാം തീയതിയിലെ പി.വി. 146/95-ാം നമ്പർ തീർച്ച പ്രകാരം ചെറിയനാട് വില്ലേജിൽ കൊയ്പ്പള്ളിൽ പടീറ്റതിൽ ചിന്നമ്മ മകൾ ചെല്ലമ്മ പേരിൽ പോക്കുവരവ് ചെയ്ത് 7111-ാം നമ്പരായി തണ്ടപ്പേർ അനുവദിച്ചിട്ടുള്ളതാണ്. |

| | |
|---|---|
| (ഡി) പ്രസ്തുത വസ്തുവിന്റെ അനന്തിര അവകാശിയായ ശ്രീമതി ശ്രീജാകുമാരി പി.റ്റി.-യുടെ പേരിൽ വസ്തു പോക്കുവരവ് ചെയ്ത് പേരിൽക്കൂട്ടി കൊടുക്കുന്നതിന് നിയമതടസ്സം എന്തെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) തെറ്റായി ചെയ്ത പോക്കുവരവ് റദ്ദു ചെയ്തതിനു ശേഷം മാത്രമേ ശ്രീജാകുമാരിയുടെ പേരിൽ വസ്തു പോക്കുവരവ് ചെയ്യുന്നതിന് സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ